# വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാൾ

ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാൾ ഭക്തിപുരസ്സരം ആചരിച്ചു. ഇതോടനുബന്ധിച്ചു നടന്ന ധ്യാനയോഗങ്ങൾക്കും മൂന്നിൻമേൽ കുർബ്ബാനക്കും മലങ്കര ഓർത്തഡോക്സ് സഭയുടെ സുന്നഹദോസ് സെക്രട്ടറിയും കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപനുമായ ഡോ മാത്യൂസ് മാർ സേവേറിയോസ് മുഖ്യ കാർമ്മികത്വം വഹിച്ചു. വിശുദ്ധ കുർബ്ബാനാനന്തരം നടന്ന പൊതുയോഗത്തിൽ പൗരോഹിത്യപദവിയിൽ 25 വർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ സേവേറിയോസ് തിരുമേനിയേയും, കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ സ്ഥാപകൻ ഡേവിസ് ചിറമേൽ അച്ചനേയും ആദരിച്ചു. ഇടവകയിൽ പുതിയ സഹവികാരിയായി ചുമതലയേറ്റ ഫാദർ ജോൺ കെ ജേക്കബിനു സ്വീകരണവും നൽകി, ഇടവക വികാരി ഫാദർ അജി കെ ചാക്കോ അദ്ധ്യക്ഷത വഹിച്ചു. ഫാദർ ജേക്കബ് ജോർജ് (ജബൽഅലി), ഇടവക ട്രസ്റ്റി ഷാജിതോമസ് എന്നിവർ പ്രസംഗിച്ചു. നേർച്ച വിളമ്പും നടത്തപ്പെട്ടു.

ഫോട്ടോ

പൗരോഹിത്യപദവിയിൽ 25 വർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ സേവേറിയോസ് തിരുമേനിയെ ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ ആദരിക്കുന്നു